LIBRARY ARCHIVES Kerala Legislative Assembly

അളനാട് ഗവൺമെന്റ് യു.പി. സ്കൂളിനായി സ്കൂൾ ബസ് വാങ്ങാൻ നടപടി

204(2560) ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാലാ നിയോജകമണ്ഡലത്തിലെ അളനാട് ഗവൺമെന്റ് യു.പി. സ്കൂളിനായി ബസ് വാങ്ങുന്നതിന് എം.എൽ.എ. ഫണ്ടിൽ നിന്നും 14 ലക്ഷം രൂപ 2020-21 സാമ്പത്തിക വർഷത്തിൽ അനുവദിച്ചതിൻമേൽ കോട്ടയം ജില്ലാകളക്ടർ ഗവൺമെന്റ് നിർദ്ദേശത്തിനായി ഫയൽ അയച്ച സാഹചര്യത്തിൽ സ്കൂൾ ബസ് സമയബന്ധിതമായി വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

2020-21 സാമ്പത്തിക വർഷം പാലാ നിയോജകമണ്ഡലം എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും 14 ലക്ഷം രൂപ വിനിയോഗിച്ച് അളനാട് ഗവൺമെന്റ് യു.പി. സ്കൂളിന് വാഹനം വാങ്ങുവാൻ 20-2-2021-ലെ കോട്ടയം ജില്ലാ കളക്ടറുടെ ഡി4/3679/2020/MLA-ADS/MCK നമ്പർ ഉത്തരവ് പ്രകാരം ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ബസ് വാങ്ങുന്നതിനുള്ള ടെണ്ടർ നടപടികൾ ഡി.ഡി.-യിൽനിന്നും പൂർത്തീകരിച്ച് വരികയാണ്. വാഹനം വാങ്ങുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് ബസ് സമയബന്ധിതമായി വിതരണം ചെയ്യാനാകും.

വെള്ളൂർ ഗവൺമെന്റ് എൽ.പി. സ്കൂളിനെ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി

205(2561) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അഞ്ചൂറിൽ കൂടുതൽ കുട്ടികൾ പഠിക്കുന്ന സ്കൂളുകൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിനായി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു കോടി രൂപ അനുവദിക്കുന്ന പദ്ധതിയിൽ പയ്യന്നൂർ നഗരസഭയിലെ വെള്ളൂർ ഗവൺമെന്റ് എൽ.പി. സ്കൂളിനെ ഉൾപ്പെടുത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

അഞ്ചൂറിൽ കൂടുതൽ കുട്ടികൾ പഠിക്കുന്ന സ്കൂളുകൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിനായി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു കോടി രൂപ അനുവദിച്ചത് 2018-19 വർഷത്തിലാണ്. കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി പുതിയ സ്കൂളുകൾക്ക് ധനസഹായം നൽകുന്ന പദ്ധതി ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.